സ്കൂളുകൾ.

* 6. [6] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർബ്ബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള മേഖലകളിൽ ആവശ്യമുള്ളിടത്തോളം സ്കൂളുകൾ ഇല്ലെന്ന് ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) നിർബന്ധിത മേഖലകളിൽ പ്രൈമറിസ്കൂളുകൾ പുതുതായി സ്ഥാപിക്കുന്നതിലേയ്ക്ക് എന്തെങ്കിലും മാനദണ്ഡം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

(സി) നിർബന്ധിത മേഖലകളിൽ എത്ര പ്രൈമറിസ്കൂളുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തിവരുന്നുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) നിർബന്ധിത മേഖലകളിൽ പ്രൈമറിസ്കൂളുകൾ പുതുതായി സ്ഥാപിക്കുന്നതിലേയ്ക്ക് പ്രത്യേകം മാനദണ്ഡങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സാധാരണഗതിയിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിന് മറ്റുസ്കൂളുകളുമായുള്ള അകലം, അപേക്ഷകരുടെ സാമ്പത്തിക സ്ഥിതി, ഇവകൾ നോക്കാറുണ്ട്.

(സി) നിർബന്ധിത മേഖലകളിൽ ചില പ്രൈമറിസ്കൂളുകൾ വാടകക്കെട്ടിടങ്ങളിലാണ് നടത്തിവരുന്നതു്. എന്നാൽ അവ എത്രയുണ്ടെന്ന് പറയാൻ കുറെക്കൂടി സമയം വേണ്ടിവരും.

Hydro-electric Scheme.

* 7. [7] SHRI PRAKKULAM BHASI : Will the Minister for Works and Transport be pleased to state :

(a) whether the Madras Government have trespassed into our State territory in connection with any operation or works relating to the proposed 'Parambikulam, Project, and

(b) if so, what measures have the Government taken to conserve and safeguard the interests and territory of the State ?

Minister for Works (SHRI K. I. VELAYUDHAN) :

(a) No. Shri C. Subramoniam, Finance Minister to the Government of Madras informally visited the sites of the proposed project at Parambikulam some time in September last year.

(b) Does not arise.

ശ്രീ. പ്രാക്കുളം ഭാസി : ശ്രീ. സുബ്രഹ്മണ്യം ആ സ്ഥലം പരിശോധിച്ചതു് നമ്മുടെ ടെറിട്ടറിയിൽ റോഡു വെട്ടിയിട്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly